**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **27-07-2021 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. സുമോദ്** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തിയും കിഫ്ബി ധനസഹായത്തോടെയും 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-Iലും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ച സ്റ്റേഡിയങ്ങളുടെ പുരോഗതി അനുബന്ധം-II ലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉതകുന്ന പരിശീലനം നൽകി വരുന്നതോടൊപ്പം അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം നൽകുന്നു. സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് സ്കൂളിന്റെ വിവിധ കോർട്ടുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്തു. ഫുട്ബോൾ ടർഫുകൾ, അത്ലറ്റിക് ട്രാക്കുകൾ എന്നിവയുടെ നവീകരണം നടത്തി വരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം-IIIആയി |

ഉൾക്കൊള്ളിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ കായികമികവുള്ള താരങ്ങളുമായി കുട്ടികൾക്ക് സംവാദം നടത്തുവാനുള്ള "ലെജന്റ് ടോക് റ്റു യു" പദ്ധതിയും, ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിനുള്ള മസ്സിൽ ബയോപ്സി ടെസ്റ്റും നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പരിശീലകരുടെ മികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".
ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.
കായികയുവജനകാര്യാലയം മുഖേന കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ്

| | | | |
|---|---|---|---|
| | | | എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി വരുന്നു. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | കായികമേഖലയുടെ വികസനത്തിന്റെ പ്രാരംഭ പ്രവർത്തനമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആരംഭിച്ച സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തിയും കിഫ്ബി ധനസഹായത്തോടെയും 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-Iലും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ച സ്റ്റേഡിയങ്ങളുടെ പുരോഗതി അനുബന്ധം-II ലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉതകുന്ന പരിശീലനം നൽകി വരുന്നതോടൊപ്പം അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം നൽകുന്നു. സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് സ്കൂളിന്റെ വിവിധ കോർട്ടുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്തു. ഫുട്ബോൾ |

ടർഫുകൾ, അത്ലറ്റിക് ട്രാക്കുകൾ എന്നിവയുടെ നവീകരണം നടത്തി വരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം-IIIആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ കായികമികവുള്ള താരങ്ങളുമായി കുട്ടികൾക്ക് സംവാദം നടത്തുവാനുള്ള "ലെജന്റ് ടോക് റ്റു യു" പദ്ധതിയും, ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിനുള്ള മസ്സിൽ ബയോപ്സി ടെസ്റ്റും നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പരിശീലകരുടെ മികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആസ്ത്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | കായികയുവജനകാര്യാലയം മുഖേന കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ടണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി വരുന്നു. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ഏറ്റെടുത്ത എല്ലാ സ്റ്റേഡിയങ്ങളുടെയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഏറ്റെടുത്ത എല്ലാ സ്റ്റേഡിയങ്ങളുടെയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19, പ്രളയം, നിപ്പ എന്നിവ സമൂഹത്തിൽ സൃഷ്ടിച്ച ആഘാതം കാരണം പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

**എ. കിഫ്ബി പദ്ധതികൾ**

| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 6.82 | ഫിഫ മാനദണ്ഡ പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ കോർട്ട് (105 x 68 മീ.), ഗ്യാലറി ബിൽഡിംഗ്, അമിനിറ്റി സെന്റർ, ഇൻഡോർ കോർട്ട് |
| 2 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5.34 | ഫിഫ മാനദണ്ഡ പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ കോർട്ട് (105 x 68 മീ.), ഗ്യാലറി ബിൽഡിംഗ് |
| 3 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 9.58 | ഇൻഡോർ സ്റ്റേഡിയം |
| 4 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 4.97 | ഇൻഡോർ സ്റ്റേഡിയം |
| **ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പദ്ധതികൾ** | | | |
| **പഞ്ചായത്ത് കളി സ്ഥലം** | | | |
| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 17.04 | ഒന്നാം ഘട്ടത്തിൽ സ്വിമ്മിംഗ്പൂൾ, ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികളായ സിന്തറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം 75% പൂർത്തിയാക്കിയിട്ടുണ്ട്. |
| 2 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. | 8.87 | ഫുട്ബോൾ ടർഫ് (1 -ാം ഘട്ടം) നിർമ്മാണം പൂർത്തിയാക്കി സിന്തറ്റിക് ട്രാക്ക് (2 -ാം ഘട്ടം) നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്. |
| 3 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ | 13.05 | പവലിയൻ കെട്ടിട നിർമ്മാണം |

| | | | |
|---|---|---|---|
| | സ്റ്റേഡിയം | | (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. സിന്തറ്റിക് ട്രാക്ക് (2 -ാം ഘട്ടം) നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. |
| 4 | നിലമ്പൂർ മിനി സ്റ്റേഡിയം | 18.30 | പവലിയൻ കെട്ടിടത്തിന്റേയും ഫുട്ബോൾ ടർഫിന്റേയും (1 -ാം ഘട്ടം) നിർമ്മാണം പൂർത്തിയാക്കി സിന്തറ്റിക് ട്രാക്ക് (2 -ാം ഘട്ടം) നിർമ്മാണം നടന്നു വരുന്നു. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടതായുണ്ട്. |
| 5 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 5.54 | സ്വിമ്മിംഗ്പൂൾ നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. ഫുട്ബോൾ ടർഫിന്റെ നിർമ്മാണം (2 -ാം ഘട്ടം) 85% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | കൊടുമൺ സ്റ്റേഡിയം | 14.10 | 1 -ാം ഘട്ട നിർമ്മാണ പ്രവൃത്തികളായ ഫുട്ബോൾ ഗ്രൗണ്ട്, അഡ്മിൻ ബ്ലോക്ക്, ടോയ്ലെറ്റ് ബ്ലോക്ക്, ചെയിഞ്ച് റൂം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 2 -ാം ഘട്ടത്തിൽ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട് |
| 7 | മട്ടന്നൂർ സ്റ്റേഡിയം | 4.12 | പവലിയൻ കെട്ടിട നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. ഫുട്ബോൾ ടർഫിന്റെ നിർമ്മാണം (2 -ാം ഘട്ടം) നടന്നു വരുന്നു. |

ബി. പ്ലാൻ നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ച പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | ചെലവഴിച്ച/ഭരണാനുമതി തുക |
|---|---|---|
| | കണ്ണൂർ | |
| 1 | പിണറായി സ്വിമ്മിംഗ് പൂൾ | 1.16 കോടി |
| 2 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം രണ്ടാം ഘട്ടനിർമ്മാണം | 1.82 കോടി |
| 3 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 1.09 കോടി |
| 4 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ജിവിഎച്ച്എസ്എസ് വോളീബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം | 2.5 കോടി |
| 5 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ നവീകരണം പുതിയ ഹോസ്റ്റൽ ബ്ലോക്ക് (ഒന്നും, രണ്ടും നിലകൾ), കിച്ചൺ & ടോയ്ലറ്റ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക് | 4 കോടി |
| | വയനാട് | |
| 6 | ആർച്ചറി അക്കാഡമിയിലെ പ്രീഫാബ് ഹോസ്റ്റലുകളുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 1.75 കോടി |
| | കോഴിക്കോട് | |
| 7 | നടക്കാവ് സ്വിമ്മിംഗ്പൂൾ & ഹെൽത്ത് ക്ലബ്ബ് പുനരുദ്ധാരണം | 40 ലക്ഷം |
| 8 | വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 54.40 ലക്ഷം |
| | മലപ്പുറം | |
| 9 | മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് നവീകരണവും ഫ്ളെഡ് ലൈറ്റ് സ്ഥാപിക്കലും | 4.76 കോടി |
| | പാലക്കാട് | |
| 10 | കണ്ണമ്പ്ര പഞ്ചായത്തിലെ ഫുട്ബോൾ സ്റ്റേഡിയം | 3.00 കോടി |
| 11 | കോട്ടായി ഹയർ സെക്കന്ററി സ്കൂളിൽ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, പവലിയൻ കെട്ടിടം | 7.00 കോടി |
| | തൃശ്ശൂർ | |
| 12 | തൃശൂർ അക്വാട്ടിക് കോംപ്ലക്സ് നവീകരണം | 7.00 കോടി |
| 13 | തൃശൂർ വേലൂർ സ്കൂൾ ഗ്രൗണ്ട് നവീകരണം | 1.00 കോടി |
| 14 | കുന്നംകുളം സ്കൂൾ ഗ്രൗണ്ട് (ഫുട്ബോൾ കോർട്ട്) നിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും | 5.00 കോടി |
| 15 | വി.കെ.എൻ. മേനോൻ ഇൻഡോർ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 54.40 ലക്ഷം |
| | ഇടുക്കി | |
| 16 | വോളീബോൾ അക്കാഡമി (മേപ്പിൾവുഡ് ഫ്ളോറിംഗ്) | 46.00 ലക്ഷം |
| | ആലപ്പുഴ | |

| | | |
|---|---|---|
| 17 | രാജ കേശവദാസ് സ്വിമ്മിംഗ്പൂൾ നവീകരണം | 5.00 കോടി |
| | **കൊല്ലം** | |
| 18 | ഹോക്കി സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 34.22 ലക്ഷം |
| | **തിരുവനന്തപുരം** | |
| 19 | ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ പോപ് അപ് സ്പ്രിംഗ്ളർ സംവിധാനത്തോടു കൂടിയ നാച്വറൽ ഫുട്ബോൾ കോർട്ട്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ എന്നിവ | 2.09 കോടി |
| 20 | ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട്, 400 മീ സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഹോക്കി ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 16.00 കോടി |
| 21 | പിരപ്പൻകോട് സ്വിമ്മിംഗ്പൂളിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 32.07 ലക്ഷം |
| 22 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 90.81 ലക്ഷം |
| 23 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 65.40 ലക്ഷം |

## നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്ന പദ്ധതികൾ

### എ. കിഫ്ബി പദ്ധതികൾ

| പ്രവൃത്തികൾ നടന്നു വരുന്ന പദ്ധതികൾ | | | |
|---|---|---|---|
| ജില്ലാ സ്റ്റേഡിയം | | | |
| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.44 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 42% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 41.77 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 55% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 69% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 36.98 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | 30.59 | ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| 6 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 48.61 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 7 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 47.41 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 1 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.67 | ഫുട്ബോൾ ടർഫ്, പവലിയൻ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം 65% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5.49 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | 5.75 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 90% -ും, സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ 30% -ും |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | നെടുങ്കണ്ടം സ്റ്റേഡിയം | 9.40 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 9.262 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | താനൂർ സ്റ്റേഡിയം | 10.07 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | 4.932 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |

**ബി. പ്ലാൻ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**

| പ്ലാൻ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ | | | |
|---|---|---|---|
| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
| 1 | മലപ്പുറം മുക്കുത്തല പി.സി.എൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സെവൻസ് ഫുട്ബോൾ ടർഫും, 200 മീറ്റർ സിന്തറ്റിക് ട്രാക്കും | 300 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| 2 | കോതമംഗലം പല്ലാരിമംഗലം പഞ്ചായത്തിൽ സെവൻസ് മഡ് ഫുട്ബോൾ കോർട്ട്, മേസണറി ഗ്യാലറി | 72.12 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| 3 | പാലക്കാട് ജില്ലയിൽ അനങ്ങനടി പഞ്ചായത്ത് സ്റ്റേഡിയത്തിൽ സെവൻസ് ഫുട്ബോൾ കോർട്ടും, ജിംനേഷ്യം, അനുബന്ധ സൗകര്യങ്ങളും | 300 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| 4 | കണ്ണൂർ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ടുമല ഗവൺമെന്റ് എൽ.പി സ്കൂളിൽ നീന്തൽക്കുളം | 283.2 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| 5 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ (രണ്ടാം ഘട്ടം) | | |
| | 1. കോട്ടയം ജില്ലയിൽ പാല മീനച്ചൽ പഞ്ചായത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 40.57 | പ്രവൃത്തിക്ക് വേണ്ട കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| | 2. പത്തനംതിട്ട ജില്ലയിൽ കോന്നി കലഞ്ഞൂർ പഞ്ചായത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് | 57.62 | പ്രവൃത്തി ആരംഭിച്ചു |

| | | | |
|---|---|---|---|
| | സെന്റർ | | |
| | 3. ആലപ്പുഴ ജില്ലയിൽ മാവേലിക്കര തെക്കേക്കര പഞ്ചായത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 48.49 | പ്രവൃത്തിക്ക് വേണ്ട കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| | 4. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 32.52 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| | 5. പാലക്കാട് ജില്ലയിൽ ചിറ്റൂർ പഞ്ചായത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 32.61 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| | 6. എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 48.12 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| | 7. പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 42.46 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| | 8. കോഴിക്കോട് ജില്ലയിൽ കുന്നമംഗലത്ത് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 48.70 | ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ |
| 6 | തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂൾ സ്റ്റേഡിയം | 100 | സാങ്കേതികാനുമതി ലഭ്യമാക്കാനുണ്ട് |

## അനുബന്ധം - III

സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികയുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ്, (സ്പോർട്സ്) കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തി വരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2) ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം, ആൺകുട്ടികളുടെ ടോയ്ലറ്റ്, സ്റ്റാഫ് കോർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച്, ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് എന്നിവയുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.

3) ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് പി.യു ഫ്ലോറിംഗ് പൂർത്തീകരിച്ചു. വോളീബോൾ കോർട്ട് നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

4) സിന്തറ്റിക് ഹോക്കി ടർഫ്, 6 വരി 400 മീറ്റർ അത്ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയിറ്റ് ട്രാക്ക് , സിന്തറ്റിക് ഫുട്ബോൾ ടർഫ്, പുതിയ ഹോസ്റ്റൽ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.

5) കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

**അനുബന്ധം- IV**

## ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്ക്കൂളിൽ വെച്ച് നടത്തപ്പെട്ടു. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാംഭിക്കുന്നതാണ്.

## സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടപ്പ് സാമ്പത്തിക വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

## പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്ക്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്ക്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്ക്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തക്കളാണ്. പദ്ധതിക്ക് വേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021

ജനുവരി 25ന് കണ്ണൂർ തളാപ്പ് മിക്സഡ് യു.പി. സ്കൂളിൽ വച്ച് നടത്തി. രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലേ ഫോർ ഹെൽത്ത്പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.

## കിക്കോഫ്

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പ്രസ്തുത പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. ആദ്യ ഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിലാണ് പദ്ധതി ആരംഭിച്ചത്. പ്രസ്തുത സെന്ററുകളിൽ പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാകുകയും രണ്ടാം ഘട്ട പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കു വേണ്ടി 14 സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാംഭിക്കുന്നതാണ്.

## സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ്. പ്രാരംഭഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. എട്ട് വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്ക്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം.

## സ്പോർട്സ് എക്സ്-ലെൻസ്സ് ത്രൂ ഇൻർനാഷണൽ പാർട്ടണർഷിപ്പ്

കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സ്-ലെൻസ്സ് ത്രൂ ഇൻർനാഷണൽ പാർട്ടണർ ഷിപ്പ് വിജയകരമായി നടപ്പിലാക്കി വരുന്നു. പദ്ധതിക്കായി 2018ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി കായിക യുവജനകാര്യാലയം ധാരണാപത്രം ഒപ്പു വെച്ചു .പദ്ധതിയുടെ ഭാഗമായി 2020-21 ൽ മാസ്റ്റർ ട്രൈനേഴ്സ് ട്രെയിനിങ് പ്രോഗ്രാം നടത്തി. സ്പോർട്സ് മാനേജ്മെൻറ്, സ്പോർട്സ് കോച്ചിംഗ്, ഇവൻറ് ഓർഗനൈസേഷൻ, കായികസൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടന്നത്.കേരള സ്പോർട്സ് കൗൺസിലിലെയും ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ പരിശീലകർ, പൊതു വിദ്യാഭ്യാസ വകുപ്പിലെ കായിക അദ്ധ്യാപകർ, കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൻജിനീയർമാർ എന്നിവർ ഉൾപ്പെടെ 20 പേർ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പരിശീലന പരിപാടിയിൽ പങ്കെടുത്ത മാസ്റ്റർ ട്രൈനേഴ്സ് വഴി മറ്റ് പരിശീലകർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

## സയൻസ് & ടെക്നോളജി അസസ്മെൻറ് ഓഫ് സ്ററുഡൻറ്സ്

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും ഈ വകുപ്പുമായി കൂടിചേർന്ന് നടത്തുന്ന 1,55,55,000/- രൂപയുടെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി വി രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമതാ പരിശോധന നടത്തി. 2020-21 സാമ്പത്തിക വർഷം 45,88,725/- രൂപ ടി പദ്ധതിക്കായി അനുവദിച്ചു നൽകി.ആദ്യ ടെസ്റ്റ് നടക്കുകയും ആയതിന്റെ റിപ്പോർട്ട് ഈ വകുപ്പില് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2020-21,2021-22 സാമ്പത്തിക വർഷം കോവിഡ് 19 കാരണം സ്കൂളുകൾ പ്രവർത്തിക്കാതിരുന്നതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

ബയോപ്സി ടെസ്റ്റ്

ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം 2020-21 സാമ്പത്തിക വർഷം വാങ്ങുകയും ആയത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണം വാങ്ങിയതിന് 19,22,576/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് ന് അനുവദിച്ചു നൽകി. 2021-22 ൽ ടി ഉപകരണത്തിനു വേണ്ടിയുള്ള റീഏജന്റ്സ് വാങ്ങിക്കുന്നതിനും കോവിഡ് 19 ശേഷം കുട്ടികളെ ലഭ്യമാകുന്നതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനും ലക്ഷ്യമിടുന്നു.